**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **01-02-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തെരുവ് നായ ശല്യം ദൂരീകരിക്കുന്നതിന് തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. ഈ പദ്ധതി നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയകരമായതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23/08/2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15/09/2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ, 29/09/2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം. വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം |

നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ നഗരസഭകൾ - 93

01/09/2022 മുതൽ 31/12/2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519

01/09/2022 മുതൽ 31/12/2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 15922

01/09/2022 മുതൽ 31/12/2022വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ അനുവദിച്ചവയുടെ ആകെ എണ്ണം - 51487

01/09/2022 മുതൽ 31/12/2022 വരെ വളർത്തു നായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുട ആകെ എണ്ണം - 30553

01/09/2022 മുതൽ 31/12/2022 വരെ കണ്ടെത്തിയ അഭയ കേന്ദ്രങ്ങളുടെ ആകെ എണ്ണം

- 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01/09/2022 മുതൽ 31/12/2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 976

01/09/2022 മുതൽ 31/12/2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേത്തിന് ഈടാക്കിയ പിഴതുക - 41,54,846/-

01/09/2022 മുതൽ 31/12/2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

01/09/2022 മുതൽ 31/12/2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ ഇ സി/ ബോധവത്ക്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ ബി സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു. 2016 മുതൽ 31/08/2022 വരെ 79,859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

**<u>സർക്കാരിന്റെ തെരുവ് നായ ശല്യം നിയന്ത്രണ തീവയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈകൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ</u>**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52,144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതു വഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81,373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.<br><br>ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) കണ്ടെത്തിയിട്ടുണ്ട്.<br><br>സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ.(സാധാ) 2244/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>തെരുവു നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കുട്ടികളെ അടക്കം തെരുവ് നായ്ക്കൾ ആക്രമിക്കുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോൾ സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് കുട്ടികളടക്കമുള്ളവർക്കെതിരെ വർദ്ധിച്ച വരുന്ന തെരുവുനായ ആക്രമണം പരിഗണിച്ചുകൊണ്ടും എന്നാൽ മനുഷ്യർക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും സർക്കാർ 23.08.2022 ലെ സ.ഉ (സാധാ) 2065/2022/തസ്വഭവ , 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ, 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിന്യായങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് |

| | | | |
|---|---|---|---|
| | | | സാധ്യമായ എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.<br><br>തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് പരിശോധിക്കുന്നതിനായി ബഹു. സുപ്രീം കോടതി , ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതാണ്. തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (സി) | പ്രസ്തുത നടപടികൾ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് കുട്ടികളടക്കമുള്ളവർക്കെതിരെ വർദ്ധിച്ച വരുന്ന തെരുവുനായ ആക്രമണം പരിഗണിച്ചുകൊണ്ടും എന്നാൽ മനുഷ്യർക്ക് മൃഗങ്ങളോടുള്ള ക്രൂരത തടയുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടും സർക്കാർ 23.08.2022 ലെ സ.ഉ (സാധാ) 2065/2022/തസ്വഭവ , 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ, 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിന്യായങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് സാധ്യമായ എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.<br><br>തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് പരിശോധിക്കുന്നതിനായി ബഹു. സുപ്രീം കോടതി , ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതാണ്. തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ